Presented to M. J. S. Library by A. B. Mohammed 13/10/38

# PADYATARAVALI.

## PART III

No: 262.

EDITED BY

**പള്ളത്തു് രാമൻ**

MEMBER. BOARD OF STUDIES. UNIVERSITY OF MADRAS.
MEMBER TEXT BOOK COMMITTEE
AND
SENIOR LECTURER IN MALAYALAM
GOVERNMENT VICTORIA COLLEGE, PALGHAT.

ERNAKULAM

# പദ്യതാരാവലി

## ഭാഗം 3.

[Fourth Edition 1000]

PUBLISHERS:

**THE KOHINOOR PUBLISHING HOUSE, PONANI.**
**BRANCH: PALGHAT.**

A. R. P. PRESS, KUNNAMKULAM.

1937

(എല്ലാം പ്രതികളിലും പ്രകാശകമുദ്ര ഉണ്ടായിരിക്കും.)

2b2.

രണ്ടാം പതിപ്പിൻെറ

## മുഖവുര.

---

വിദ്യാഭ്യാസാധികൃതന്മാർ ശ്ലാഘിച്ചതും താലൂക്ക് ബോർഡ് പ്രസിഡണ്ടുമാർ, മുനിസ്സിപ്പാൽ ചെയർമന്മാർ ഇവർ സ്കൂളുകളിൽ സ്വീകരിച്ചതുമായ 'പദ്യതാരാവലി' 4 ഭാഗങ്ങൾക്ക് രണ്ടാംപതിപ്പു വേണ്ടിവന്നതിൽ, ഞങ്ങൾക്ക് അനല്പമായ കൃതാൎത്ഥതയുണ്ട്. ഞങ്ങളെ പ്രോത്സാഹിപ്പിച്ച മഹാശയന്മാരോട് ഞങ്ങൾ അത്യന്തം കൃതജ്ഞരായിരിക്കുന്നു. ചില വിദഗ്ദ്ധന്മാരുടെ അഭിപ്രായപ്രകാരം ഏതാനും മാററങ്ങൾ വരുത്തിയിട്ടുണ്ട്. 1, 2 ഭാഗങ്ങൾക്ക് അൎത്ഥവും എഴുതിച്ചേൎത്തിരിക്കുന്നു.

പ്രകാശകന്മാർ.

# വിഷയസൂചി.


1. നമസ്കാരം—ചെറുശ്ശേരി.
2. നീതിമാല—(സ്വ)
3. കെണിയിൽപെട്ട മാൻപേട.
   അഥവാ, ജീവകാരുണ്യം—(സ്വ)
4. ബന്ധനസ്ഥനായ രാവണൻ—കുഞ്ചൻനമ്പ്യാർ.
5. മഞ്ഞുകാലം—ചെറുശ്ശേരി.
6. വസന്തകോകിലം—(സ്വ)
7. ഹംസവാക്യം-വെണ്മണിഅച്ഛൻനമ്പൂതിരിപ്പാട്.
8. നക്ഷത്രം—(സ്വ)
9. കാളിയമർദ്ദനം—ഒറവങ്കര രാജാ.
10. അമ്പിളി—കുമാരനാശാൻ.
11. രാവണനും ഹനുമാനും—എഴുത്തച്ഛൻ.
12. ഹിതോപദേശം—കുററിപ്പുറത്തു കേശവൻനായർ.
13. നാരദൻ—കുഞ്ചൻനമ്പ്യാർ.
14. കാട്ടുതീ—കുഞ്ചൻനമ്പ്യാർ.
15. പനിനീർപൂവ്—(സ്വ)
16. കവി വാക്യങ്ങൾ—മഹാകവി കുഞ്ഞുക്കുട്ടൻതമ്പുരാൻ, കെ. സി. കേശവപിള്ള, എ. ആർ. രാജരാജ വർമ്മ കോയിത്തമ്പുരാൻ, കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ.

17. ഉപായവും അപായവും—വള്ളത്തോൾ
നാരായണമേനോൻ.
18. സീതാവിലാപം—പ്രാചീനകൃതി.
19. മാതൃവാത്സല്യം—ഉള്ളൂർ പരമേശ്വരയ്യർ.
20. ദൃഷ്ടാന്തമാല—നടുവത്ത് നമ്പൂതിരി.
21. പ്രാൎത്ഥന—(സ്വ)

———

# പദ്യതാരാവലി

## 1. നമസ്കാരം.

ഉടയോനായ്മരുവും നിൻ-
കനിവെന്നിൽ വരുവാനായ്
അടിയനുണ്ടനുവേലമടിക്രുപ്പുന്നു.

ഒരിക്കൽ നിന്തിരുക്കാല-
ങ്ങളരയ്ക്കാൽ നാഴിക നേരം
അനക്കാതെ മനക്കാമ്പിൽ ധരിക്കാകേണം.

കനത്തിൽ വന്നുടുത്തീടും
മനസ്താപംതളപ്പാൻ മ-
റെറാരുത്തനുണ്ടിവനെന്നു നിനയ്ക്കൊല്ലാതെ.

അനല്പമായ് പലപ്പോഴും വ-
ന്നഴല്ലാടങ്ങളകററുവാൻ
ഭവല്ലാദം തന്നിൽചെമ്മേ തലപ്പെട്ടേൻഞാൻ.

ജനിപ്പോരു വിനപ്പാടും
ഇനിപ്പോരുമെനിയ്ക്കുന്നു
മനക്കാമ്പിൽ പലപ്പോഴം നിനയ്ക്കാകേണം

ജഗദീശ, പരം നിന്നോ-
ടഗതിയായ്മരുവും ഞാൻ
ജളതപൂണ്ടളവേറെപ്പറഞ്ഞതെല്ലാം

നമുക്കുള്ളോനിവൻതാനെ-
ന്നു നണ്ണിപ്പൊറുക്കേണം
നമസ്കാരം! നമസ്കാരം! നിനക്കെപ്പോഴും.

ചെറുശ്ശേരി.

# 2. നീതിമാല.

—:*:—

1

സജ്ജനം താൻ പരത്തുന്നു
സജ്ജനത്തിൻ ഗുണങ്ങളെ:
മന്ദാനിലൻ പരത്തുന്നു
മന്നിൽപ്പൂമണമെങ്ങുമെ.

2

മാന്യന്മാരുടെ മദ്ധ്യത്തിൽ
മൌനം മന്ദനു ഭൂഷണം:
മിണ്ടാഞ്ഞാൽ മാവിൽ മേവുന്ന
കുയിലും കാകനും സമം.

3

ഒന്നിലേറെപ്പരിചയം
വന്നാലോ രുചി കെട്ടുപോം:
പെരുംകാട്ടിലെഴും നാരി
വിറകാക്കുന്നു ചന്ദനം.

4

വേഷത്തെ വിശ്വസിയ്ക്കൊല്ലേ
ദോഷത്തിന്നതു ഹേതുവാം:
സതിയാം സീതയെക്കട്ടു
യതിയായ് പണ്ടു രാവണൻ.

5

വൈരിക്കുമുപകാരത്തെ
വരുത്തീടുന്നു സജ്ജനം:
തരുക്കൾ തണലേകുന്ന-
തില്ലേ? വെട്ടുന്ന മർത്ത്യനും.

6

ഉപായം മുമ്പിലോർക്കേണ-
മപായത്തെത്തടുക്കുവാൻ:
സിംഹവും മുമ്പൊളിച്ചല്ലേ
സംഹരിക്കുന്നതാനയേ?

7

ദുർജ്ജനങ്ങൾ ദുഷിപ്പിക്കും
സജ്ജനത്തിൻ ഗുണങ്ങളെ
ധൂമം നിർമ്മലമായ്മിന്നും
വ്യോമത്തിൽക്കറ ചേർത്തിടും.

# 3. കെണിയിൽപെട്ട മാന്പേട
അഥവാ
# ജീവകാരുണ്യം.

(പാന.)

കഷ്ടമേ, വനവേടവലയ്ക്കകം
പെട്ടകേഴുന്ന പേടമാനൊന്നിതാ!
പേടിയില്ലാതെ പച്ചിളം പുല്ലുതി-
ന്നോടിച്ചാടി നടന്ന മാന്പേടയെ,
കാരിരുമ്പിനോടൊത്ത കരളുള്ള
കാട്ടുവേട, നീ വേദന കൊള്ളിപ്പൂ!

സാധുവാമൊരു ജീവിക്കു ലോകത്തി-
ലേതിലും വിലയേറിയ ജീവനെ,
കണ്ടുകൊൾക! ഹരിപ്പതു മാനുഷൻ
രണ്ടു നാലു നിമിഷം രസിക്കുവാൻ!

മഞ്ജുളമായ മാനിൻെറ ചാരത്തു
മഞ്ഞച്ചീവരം പൂണ്ടൊരാളെത്തുന്നു;
സ്നേഹമൂറും മിഴികൊണ്ടു മാനിൻെറ
മോഹനമേനിയാകേയുഴിയുന്നു.

ചാരുചെങ്കോൽ ധരിക്കേണ്ട തൃക്കൈയിൽ
ചട്ടിയേന്തിയ ദേവ, നമസ്കാരം!

നമ്മുടെ ജീവകാരുണ്യ വാരിധി
നൻമൃഗത്തെയഴിച്ചുടൻ വിട്ടിതു!
ക്രൂരമ്പാശ്ശു തൊട്ടുത്തട്ടത്തെത്തിനാൻ
ക്രൂരത മേനിപൂണ്ടൊരു കാട്ടാളൻ.

മാനിനെ വിട്ടകോപത്താലാത്തിരു-
മേനിയെ ശ്ശരലാക്കാക്കി നില്ക്കവേ,
വില്ലുമമ്പുമങ്ങുൻ വീണു; പദ-
പല്ലവാന്തികേ താണു തലയുമേ;

വേടനാദ്ദേവ വൈഭവം കൊണ്ടു തൻ-
മൂടൽനീങ്ങി'യഹിംസ'യെ കൈക്കൊണ്ടു!
ജീവകാരുണ്യ ബീജം മുളപ്പിച്ചു
കേവലം തരിശായ തന്നുള്ളിലും.

ആടിനെക്കൊന്ന പാപക്കൊട്ടമയാ-
ലാരുമോഹിച്ചു പുണ്യത്തെ നേടുവാൻ?
ആ മഹീപാല സന്നിധി തന്നിലി-
പ്രേമകാരുണ്യ മൂത്തി താനല്ലയോ?

മുത്തുമാല കളിക്കേണ്ട തൻകണ്ണും
കത്തിവെപ്പാൻ കനിഞ്ഞു കാണിച്ചതും;
ആ വിധം ദയാസിന്ധുക്കളാകുവിൻ!
പാവനശീലരാകുവിൻ ബാലരേ!

(സ:)

——

# 4. ബന്ധനസ്ഥനായ രാവണൻ.

ദേഹം മെലിഞ്ഞു പാരം കാരാഗൃഹം തന്നുള്ളിൽ
ദാഹം വിശപ്പുകൊണ്ടു മോഹം വളൎന്നത്ര
സ്നേഹം തരിമ്പുമുള്ള ദേഹങ്ങളാരുമില്ല
ആഹന്ത കഷ്ടം! ദശകണ്ഠന്റെ വൎത്തമാനം.
സ്നാനവുമില്ല മദ്യപാനവുമില്ല പാരം
നാണവും പൂണ്ടു ദേഹ ക്ഷീണവുമകപ്പെട്ടു
കൂറില്ലാത്തവരോടു ചോറുമേടിച്ചതിന്നു
കീറത്തുണിയുടുത്തു ചേറു മണിഞ്ഞങ്ങിനെ
ആറുമാസം കഴിഞ്ഞിട്ടാരുമൊരുത്തൻ കുററം
തീരുവാൻ ശ്രമിക്കുന്നില്ലേറുന്നു സന്താപങ്ങൾ.
പിണ്ഡമുരുട്ടിയോരൊ കിണ്ണത്തിൽ വെച്ചുകൊണ്ടു
പെണ്ണുങ്ങൾ വന്നുനിന്നിവ്വണ്ണം പറഞ്ഞീടുന്നു.
“ലങ്കാധിപതേ! നിന്റെ കാൽമേൽ കിടക്കുന്നൊരു
ശൃംഖല കിലുങ്ങാതെ ചിങ്കുകളിച്ചെന്നാകിൽ
പാക്കുവെററില നല്ല തുക്കപ്പുകയിലയും
പാക്കാതെ തരുന്നുണ്ടു ഭോഷ്കല്ല പംക്തികണ്ഠ!
പത്തുമുഖങ്ങൾകൊണ്ടു പത്തുപദങ്ങൾ പാടി
തിത്തിത്തൈ എന്നു ചാടി നൃത്തംവെക്ക രാവണ!
മത്തഗജങ്ങളുടെ മസ്തകം തകൎക്കുന്ന
ഹസ്തങ്ങളെങ്ങുനിന്റെ? നക്തഞ്ചരാധിനാഥ!
ഏണമിഴിമാരുടെ പാണിപിടിച്ചിഴയ്ക്കും

പാണികൾകൊണ്ടു നമ്മെ ത്താണുതൊഴുതുകൊണ്ടു
കേണുകിടന്നിടാതെ വാണുനീയെങ്കിൽ നല്ല
ചോറും കറിയും പുളിഞ്ചാറും കാച്ചിയമോരും
ആറുന്നതിന്നുമുമ്പേ ക്രുറുള്ള ഞാൻ തരുവൻ
മണ്ഡോദരിയെന്നൊരു പെണ്ണുനിനക്കുണ്ടെന്നു
മന്നിടം തന്നിൽബ്ബഹു പെണ്ണുങ്ങൾ ചൊല്ലിക്കേട്ടു
സന്ദേഹമൊന്നുണ്ടതു നിന്നോടു ചോദിക്കുന്നു
ഒന്നേ അവൾക്കു മുഖമുള്ളെന്നുകേട്ടു ഞങ്ങൾ
ഒന്നല്ലമുഖം നിനക്കഞ്ചുമഞ്ചുമുണ്ടല്ലോ."

കാർത്തവീര്യാർജ്ജുനവിജയം. കുഞ്ചൻനമ്പ്യാർ.

—*—

## 5. മഞ്ഞുകാലം.

പാലാഴിത്തുവെള്ളം തൂകുന്ന പോലെ നൽ-
പ്രാലേയം തൂകിത്തുടങ്ങീതെങ്ങും.
വാരുററ കാന്തി കലൎന്നോരു വാരിജ-
മോരോന്നേ മങ്ങിമയങ്ങീതപ്പോൾ;

ചീർത്തുനിന്നുള്ളോരു ശീതത്തെപ്പൂണ്ടു നി-
ന്നാൎത്തന്മാരായിച്ചമഞ്ഞെല്ലാരും.
കൈത്തലംകൊണ്ടു തന്മാറത്തു നന്നായി
സ്വസ്തിക ബന്ധം തുടങ്ങിനാരേ.

ആദിത്യസേവയും പാവകസേവയു-
മായ്ത്തുടങ്ങി പലൎക്കുമപ്പോൾ.
ദന്തങ്ങളെക്കൊണ്ടു താളം പിടിച്ചിട്ടു
സന്ധ്യയെ വന്ദിച്ചിതന്തണരും.

വെള്ളമെന്നിങ്ങനെ ചൊല്ലിത്തുടങ്ങുമ്പോൾ
തുള്ളിത്തുടങ്ങി വിറച്ചെല്ലാരും.
തീയ്യും തന്നുള്ളിലേ തോന്നിത്തുടങ്ങീതേ
തീക്കായവേണമെനിക്കുമെന്നു്.

ചെറുശ്ശേരി.

## 6. ഹംസവാക്യം.

പുള്ളിമാൻ കണ്ണിയാളേ, നിന്നുള്ളിലുള്ളോരഭിലാഷം
കള്ളമെല്ലാം കളഞ്ഞോ നീ കഥിച്ചീടുന്നു?
ഇന്ദുവംശമണി തന്നിൽ ചേർന്നു നിന്റെ മനമെങ്കിൽ
വന്നടുത്തു ശുഭകാലമെന്നു കല്പിക്കാം.

കാന്തികൾകൊണ്ടവനോടു കാമനേതും ശരിയല്ല;
കാന്തനാവാൻ നളൻതന്നെ സംശയിക്കേണ്ട.
ഇന്ദ്രനിന്ദ്രാണിക്കു ചേരു മിന്ദിരക്കച്യുതൻ ചേരും
ഇന്ദുചൂഡൻ ഭഗവാനങ്ങുമയ്ക്കും ചേരും.

യാമിനിക്കു ശശി ചേരുമാപഗക്കംബുധി ചേരും;
കോമളാംഗി നിനക്കോർത്താൽ നൈഷധൻ ചേരും.
താമ്രപാണി, പരൻ നിന്റെ വല്ലഭനായ്‌വരുന്നാകിൽ
താമ്രചൂഡമരയന്നപ്പിടക്കും ചേരും.

എന്നുവേണ്ടാ പിതാവായ മന്നവന്റെ നിയോഗത്താൽ
അന്യഭൂപാലകൻ നിന്നെ വരിച്ചെന്നാകിൽ
ഒന്നുകൊണ്ടും നിനക്കപ്പോളന്യഥാതാപം വരുത്തണ്ടാ
വന്നതായി തരമെന്നങ്ങുറക്കും നിശ്ചം.

ഇപ്പറഞ്ഞ മൊഴിയെല്ലാം നിഷ്ഫലമായ്‌വരുമപ്പോൾ
ഇപ്പരിഷയ്ക്കഹോ പാരമിളപ്പം വന്നു.
ഈഷലെന്യേ പതിയോടും കൂടിനന്നായ് സുഖിച്ചീടാം
ദോഷമെന്തു നിനക്കൊന്നു ഭവിപ്പാനുള്ളു?

വൈരസേനിക്കുമങ്ങേററം വൈരമെങ്കൽ വരുമെന്നാൽ
സ്വൈരവും പോയ് മമ രാജസേവയും പൊങ്ങീ.
ഭോഷനെന്നു ജനമെല്ലാം ഘോഷമങ്ങു തുടങ്ങീട്ടും
ശേഷമെന്തൊന്നറിയാട്ടു ന്വേഷഞാനിപ്പോൾ.

ഇപ്രകാരമനത്ഥം വന്നുൽഭവിക്കുമിവയെല്ലാം
ഉല്പലാക്ഷി, നിനച്ചല്ലോ മടിക്കുന്നു ഞാൻ.
കണ്ടുകണ്ടങ്ങിരിക്കുന്നേ കുണ്ഡിലങ്ങു വൃഥാ ചെന്നു
കണ്ഡിവാർ കേശി, ചാടീട്ടന്നെന്തിനയ്യോ ഞാൻ.

നളചരിതം വഞ്ചിപ്പാട്ട്.     വെൺമണി അച്ഛൻ നമ്പൂതിരിപ്പാട്.

# 7. വസന്തകോകിലം.

(മഞ്ജരി)

പൂമധു തോല്ക്കും നിൻ പാട്ടുകൾ കേട്ടു ഞാ-
നോമലുദ്യാനപ്പൂങ്കോകിലമേ!
സഞ്ചരിച്ചീടുന്ന സംഗീതമാണോ നീ!
പഞ്ചമം പാടുന്ന പൈങ്കിളിയോ?

പച്ചപ്പുൽപ്പട്ടു നിലത്തു കിടന്നു നി-
ന്നുച്ചമാമൊച്ചയിൽ മോദം കൊൾവൂ!
സാരസ്യമേറും നിൻ സംഗീതാലാപങ്ങൾ
ദൂരത്തും ചാരത്തുമൊപ്പം കേൾപ്പൂ.

ബാലദിവാകര കാന്തിയേയും, പുഷ്പ-
ജാലങ്ങളേയും പുകഴ്ത്തിച്ചെമ്മേ
സാനുക്കളോടു നീ ചൊൽകിലും, ചിന്തയ്ക്കു
സാനന്ദം നൽകുന്നു സൽക്കഥ മേ.

നിസ്തുലരാഗമോ, ദൃശ്യമല്ലാതുള്ള
വസ്തുവോ നീയൊരു മായ താനോ?
ഗീതവിശാരദ! നീയൊരു പക്ഷിയായ്
ചേതസ്സിലേതുമേ തോന്നീലല്ലോ.

മാമക വിദ്യാൎത്ഥി ജീവിതകാലത്തു-
മീമനോ മോഹന ഗാനം കേട്ടു,
മാമരക്കൊമ്പിലും മാനത്തും മററും ഞാൻ
പ്രേമത്താൽ നോക്കി നിന്നീടുമല്ലോ.

വാസന്തിപ്പൂക്കൾ തൻ വാസനാധോരണി
വാസം ചെയ്തീടും വസന്തനാളിൽ.
രാഗം പൊഴിയ്ക്കുന്ന പൂങ്കുയിലേ! പൂർണ്ണ-
സ്വാഗതം സർവ്വദാ സ്വാഗതം തേ.

പ്രകൃതിവിലാസം. സ്വ.

# 8. നക്ഷത്രം.

സൂര്യൻ പടിഞ്ഞാറു പതിച്ചനേരം
തെറിച്ച വെള്ളിച്ചെറു തുണ്ടുപോലെ,
വാനിൽത്തിളങ്ങും തെളി താരമേ, നീ
വെളിച്ചമെങ്ങും വിതറുന്നു നീളേ!

നക്ഷത്രമേ, മിന്നിമിനുങ്ങി രണ്ടു-
പക്ഷങ്ങൾ പൂണ്ടൊന്നു പറന്നിടാമോ?
വൃക്ഷത്തലപ്പിൽക്കുറെ വിശ്രമിച്ചു
സാക്ഷാൽ സ്വരൂപം വെളിവാക്കുമോ നീ?

ആലംബമില്ലാതണി വിണ്ടലത്തിൽ
നിരത്തി താരക്കതിർ മാല നീളെ
താഴത്തു വീഴാതതു താങ്ങി നിൽക്കും
അദൃശ്യശക്തിക്കു തൊഴാം, തൊഴാം നാം.

സ്വ.

# 9. കാളിയമൎദ്ദനം.

—:*:—

('ഗോപകുമാരക' എന്നപോലെ)

I

കാളസൎപ്പപ്പെരുമാളായി വാഴുന്ന
കാളിയനെന്നവന്റെ-പാരം
കാളും വിഷത്താലെ കാളിന്ദിയിൽ ജലം
നീളെ ത്തിളച്ചീടുന്നു.

മീനാദിയായൊരു നാനാജലജന്തു
ദീനത മൂക്കയാലേ-ശിവ!
മാന മകന്നു മരിച്ചൊലിച്ചീടുന്നു
ഫേനനിരകളോടും.

മാനത്തുക്കൂടി പ്പറന്നു നടക്കുന്ന
ശ്യേനാദി പക്ഷികളും-കൂടി
താനേ ചിറകു കരിഞ്ഞു പതിക്കുന്നി-
താനദീതോയം തന്നിൽ.

ആയതിൽ തട്ടിയ വായു കരകേറി-
പ്പോയോരു മാൎഗ്ഗം തോറും-ബഹു
കായും കുസുമവും ചേരും മരങ്ങൾ നൂ-
റായിരം കുററിയായി.

തീരങ്ങളിലുള്ളൊരാരാമ ജാലത്തിൽ
ചേരുന്ന വല്ലികളും-കടു
സാരങ്ങളേറുന്ന വൃക്ഷങ്ങളും കൂടി-
പ്പാരം കരിഞ്ഞു പോയി.

ഏറിയ ജീവജാലങ്ങളെ രക്ഷിക്ക-
മാറുള്ളോരിപ്പുഴയിൽ-പെരു-
മാറരുതിന്നു മുതൽക്കിവനെന്നക-
താരിലുറച്ചു കൃഷ്ണൻ.

പൊക്കമോടായതിൻ വക്കിൽ കരിഞ്ഞതങ്ങു
നില്ക്കും കടമ്പുതന്റെ-മോളിൽ
ചിക്കെന്നു കേറിക്കുലുക്കി കുതിച്ചു ക-
നക്കവേ ചാടീടിനാൻ.

## കാളിയമദ്ദനം.

**II**

കുന്നിനെക്കാളും ഗുരുത്വമേറുന്ന മു-
കുന്ദന്റെ കായമതി-ലുടൻ
ചെന്നങ്ങു വീണൊരു നേരത്തു തീരത്തു
ചെന്നങ്ങു കേറി വെള്ളം.

രണ്ടാമതു മതുപോലെ മരത്തിന്റെ
മണ്ടയിലേറിച്ചെന്നു-പുതു
കൊണ്ടലണി നിറംകൊണ്ടു പിടിച്ചായം
കൊണ്ടേടു കുതിച്ചു ചാടി.

പിന്നെയും പിന്നെയു മുന്നതമാം മരം
തന്നിൽ കരേറിയുടൻ-നന്ദ-
നന്ദനൻ മാൎത്താണ്ഡ നന്ദിനീ തോയത്തിൽ
ചെന്നാശു ചാടീടിനാൻ.

ആറു കലങ്ങിമറിഞ്ഞു കരകളിൽ
കേറിയലഞ്ഞിടുന്ന-തണ്ണി-
നീരിൽ മറഞ്ഞും മുഴഞ്ഞും മുടിച്ചുമാ-
ധീരൻ കളിച്ചു പാരം.

കാളിയമദ്ദനം കൈകൊട്ടിക്കളിപ്പാട്ടു്. ഒറവങ്കര രാജാ.

—:*:—

# 10. അമ്പിളി.

(പാന മട്ട്)

'തുമ്പപ്പൂവിലും തൂമയേഴം നിലാ-
വമ്പിൽത്തൂവിക്കൊണ്ടാകാശവീഥിയിൽ
അമ്പിളിപൊങ്ങി നില്ക്കുന്നിതാ മര-
ക്കൊമ്പിന്മേൽനിന്നു കോലോളം ദൂരത്തിൽ

വെള്ളമേഘശകലങ്ങളാം നര
തള്ളിച്ചുകൊണ്ടു ദേവകൾ വിണ്ണാകും-
വെള്ളത്തിൽ വിളയാടിത്തുഴഞ്ഞുപോം
വെള്ളിയോടമിതെന്നു തോന്നീടുന്നു!

വിണ്മേൽനിന്നു മന്ദസ്മിതം തൂവുമെൻ
വെണ്മതിക്കുഞ്ഞേ, നിന്നെയീയന്തിയിൽ
അമ്മതന്നങ്കമേറിയെൻ സോദര
"നമ്മാവാ" യെന്നലിഞ്ഞു വിളിക്കുന്നു!

ദേഹശോഭപോലുള്ളത്തിൽ കൂറുമീ-
മോഹനാകൃതിക്കണ്ടിതെൻ പിന്നാലെ,
സ്നേഹമോടും വിളിക്കും വഴിപോരു-
ന്നാഹാ! കൊച്ചുവെള്ളാട്ടിൻകിടാവുപോൽ.

വട്ടംനന്നല്ലിതീവണ്ണമോടിയാൽ
മുട്ടമേ ചെന്നക്കുന്നിൻമുകളിൽ നീ!
ഒട്ടുനിൽക്കങ്ങു വന്നൊന്നു നിന്മേനി
തൊട്ടിടാനും കൊതിയെനിക്കോമനേ!

എന്നു കൈപൊക്കി യോടിനാനുന്മുഖൻ
കുന്നേറാനൊരു സാഹസി ബാലകൻ
ചെന്നു പിന്നിൽ ഗൃഹപാഠകാലമാ-
യെന്നു ജ്യേഷ്ഠൻ തടഞ്ഞുഞെട്ടും വരെ!'

കുമാരനാശാൻ.

# 11. രാവണനും ഹനുമാനും.

—:*:—

രാവണൻ:

എന്തെന്തെടാ കപികീടമേ ചൊല്ലുനീ!
എന്തു നിനക്കിതു തോന്നീടുവാൻ?
സന്താന പൂരിതമെൻെറ മലർക്കാവെ-
ന്നെന്തേധരിക്കാഞ്ഞു നാരായണ.

നാകാധിനാഥൻ നിയോഗത്താലോ നീയു-
മേകാകിയായിപ്പോന്നിങ്ങുവന്നു?
ആകാംക്ഷ ജീവനിലില്ലാഞ്ഞാലേവർ-
മാകാമിതിൽപ്പരം..................

ദിക്പാലകന്മാരയച്ചുട്ടതെന്നാകിൽ
കല്പാന്തകാലം വരുത്തുവൻ ഞാൻ
മുപ്പാരിടത്തുങ്കൽ കല്പനയിന്നിനി-
ക്കെപ്പേരുമെന്നറി..................

ഹനുമാൻ:

കേൾക്ക! ദശാനന, വാനോരയച്ചുട്ട
പേക്കരങ്ങല്ലഞാനെന്നറിഞ്ഞോ?
രാക്ഷസക്കാട്ടിൽ പിടിപെട്ടു കത്തുന്ന
രാമാഗ്നി ദൂതൻഞാൻ............

എന്നോടെതിൎപ്പാനൊരുത്തരില്ലെന്നങ്ങ
നിന്നുള്ളിലേറിയ ശൌൎയ്യമോഹം.
നിന്നെപ്പോലെ നൂറു രാവണൻ വന്നാലും
എന്നോടെതിൎത്തിടാ..................

വമ്പിച്ച ബാലിയെക്കൊന്നു രഘൂത്തമൻ
തമ്പിക്കു നൽകീ തദീയ രാജ്യം.
കൊമ്പൻപോകും വഴി മോഴയ്ക്കുമുണ്ടല്ലോ
വമ്പു, ധരിച്ചാലും.......... ......

രാവണൻ:

കൊള്ളട്ടെ താഡനം കള്ളക്കുരങ്ങിന്റെ
എല്ലൊടിഞ്ഞിട്ടു നുറുങ്ങുവോളം.
നല്ല നിശാചരന്മാർ നമ്മെസ്സേവിച്ചി-
ട്ടുള്ളവരെങ്ങുപോയ്..................

എഴുത്തച്ഛൻ.

---

രണ്ടു വിദ്യാൎത്ഥികൾക്കു പരസ്പരം ചൊല്ലി അഭിനയിക്കാവുന്നതാണു്.

——

# 12. ഹിതോപദേശം.

—*—

ഭൂരിപ്രതാപമിയലും മൃഗരാജനോത്താ-
ലോരിക്കുറുക്കനെ വധിപ്പതിന്നില്ലമോഹം.
നേരിട്ടു കുംഭിവര കുംഭമുടച്ചു ചോര-
കോരിക്കുടിച്ചിടുകിലേ മതിയാകയുള്ളൂ. 1.

ഒന്നായൊരുന്നതി വരുത്തിടുവാൻ പ്രയാസ-
മെന്നാലധോഗതി യണപ്പതിന്നില്ലദണ്ഡം.
കുന്നിൻപുറത്തു കനമുള്ളൊരു കല്ലുകേററാൻ
നന്നെക്കുഴക്കു; പണിയെന്തതു താഴെയാക്കാൻ? 2.

പാരം സമത്ഥത കലന്നവനേതു കാര്യ-
ഭാരം ഭരിപ്പതിനുമില്ലഞെരുക്കമേതും.
ധീരത്വമോടനിശ മോടിനടപ്പവക്കു
ദൂരസ്ഥമല്ലൊരിടവും ഗുണവാരിരാശേ. 3.

ചുടുമകമലരോടു സങ്കടത്തിൽ
പെടുമളവിൽ തുണനില്പതാണുമിത്രം
പടുതയൊടഴലേററിടാതനുഷ്ഠി-
ച്ചിടുവതുതന്നെ വിശിഷ്ടമായ കർമ്മം. 4.

ഖലരൊരുപടി സല്ക്കരിക്കിലും കേ-
വലമിഹസജ്ജന മട്ടുവന്നുചേരാ;
പലതവണയുമെണ്ണ തേച്ചുഴിഞ്ഞീ-
ടിലുമയി, നായുടെ വാലുനേരെയാമൊ? 5.

ആരെങ്കിലും 'ബലി' കഴിച്ചു കരങ്ങൾകൊട്ടും
നേരം പിടഞ്ഞഥ പറന്നവിടത്തിലെത്തി,
പാരുറ്റ 'പിണ്ഡ' മതശിച്ചു വരുന്ന കാക-
ന്മാരെക്കണക്കലസാരും പുലരുന്നപാരിൽ. 6.

കുറ്റിപ്പുറത്തു് കേശവൻ നായർ.

—*—

# 13. നാരദൻ.

(ഉത്താനപാദന്റെയും സുനീതിയുടെയും മകനായ ധ്രുവൻ തപസ്സു ചെയ്യുന്ന സന്ദർഭം).

"ശാരദചന്ദ്രനുദിച്ചു പൊങ്ങുന്നിതോ?
ക്ഷീരാബ്ധിതാനേ യുയർന്നു കാണുന്നിതോ?
ഐരാവതം വന്നിറങ്ങിത്തുടങ്ങിതോ?
ഹാരങ്ങൾകോരിച്ചൊരിഞ്ഞു തുടങ്ങിതോ?
ചാരുഗംഗാജലം താനേവരുന്നിതോ?
താരങ്ങളെല്ലാം പൊഴിഞ്ഞു കാണുന്നിതോ?
വീരനാംബാലനിവ്വണ്ണം നിരൂപിച്ചു
ദൂരവേ മേല്പോട്ടു നോക്കിനില്ക്കും വിധൌ,
ചാരത്തു കാണായി വീണയും കൈക്കൊണ്ടു
നാരദമാമുനി മെല്ലെ വരുന്നതും.

* * *

ഇത്തരം നല്ല തിരുനാമമെപ്പൊഴും
ഭക്തിയോടേ വീണകൊണ്ടു ഘോഷിക്കയും,
ചിത്തംതെളിഞ്ഞങ്ങു മൂന്നു ലോകത്തിലും
നിത്യംനടന്നു ദിവസം കഴിക്കയും,
അമ്മുനിപുംഗവൻ കണ്ട ജനങ്ങളെ
തമ്മിൽപിണക്കിച്ചമച്ചു രസിക്കയും,
കണ്ടീല കേട്ടീലയെന്നു നടിക്കയും,
കണ്ടവരെക്കൊണ്ടു ചെണ്ട കൊട്ടിക്കയും,

നന്മയിലേഷണി കൂട്ടി നടക്കയും,
യുദ്ധമുള്ളേടം തിരഞ്ഞു നടക്കയും,
ക്രുദ്ധിപ്പതിന്നുപായങ്ങൾ നിനയ്ക്കയും,
ബുദ്ധിമുട്ടുമ്പോൾ പ്രസാദിച്ചു നല്ലൊരു
ശുദ്ധമാർഗ്ഗം നരന്മാർക്കു കൊടുക്കയും,
ഇങ്ങിനെ കാലം കഴിക്കുന്ന നാരദൻ,
തിങ്ങിനമോദമോടങ്ങെഴുന്നള്ളിനാൻ.

ധ്രുവചരിതം ശീതങ്കൻ. കുഞ്ചൻനമ്പ്യർ.

# 14. കാട്ടുതീ.

—:*:—

ആട്ടും മയിൽകളും പാട്ടും കുയിൽകളും
ഓട്ടും മൃഗങ്ങളും ചാട്ടും കപികളും
പേടിച്ചുഴന്നങ്ങുമിങ്ങും വനത്തോടു
കൂടിദ്ദഹിച്ചാശു ഭസ്മീഭവിക്കയും;
തോയം തിരഞ്ഞങ്ങു പായും ഗജത്തിന്റെ
വായിൽക്കടന്നുള്ളിലായോരു പാവകൻ
കായംസമസ്തം കലൎന്നു ദഹിപ്പിച്ചു-
പായംവരുത്തി ധരിത്രി കുലുക്കിയും;
ഒന്നിച്ചുകൂടിപ്പരക്കെ ച്ചരിക്കുന്ന
പന്നിക്കുലങ്ങളിൽച്ചെന്നു പിടിക്കയും;
ലാംഗൂലഭംഗിക്കു ഭംഗം വരുന്നാകി-
ലംഗങ്ങളിൽച്ചെററു മാശയില്ലിങ്ങെന്നു
സഞ്ചിന്തനംചെയ്തു സഞ്ചരിച്ചീടുന്ന
വെഞ്ചാമരീമൃഗക്കൂട്ടത്തിലഗ്നിയും
ചെന്നുപിടിച്ചു ദഹിച്ചുതുടങ്ങിനാ-
നെന്നുവേണ്ടാ മഹാകല്പാന്ത സംഭ്രമം
വന്നുഭവിച്ചു വനത്തിൽ ക്കനക്കവേ
വന്യങ്ങളെല്ലാം വിനാശം ഭവിച്ചിതു.
വട്ടത്തിൽ നില്ക്കുന്ന വംശദ്രുമങ്ങളിൽ
പെട്ടെന്നു പാവകൻ പററുന്ന നേരത്തു
പൊട്ടിത്തെറിക്കുന്ന ശബ്ദങ്ങൾ കേട്ടുടൻ
ഞെട്ടിത്തുടങ്ങീദിഗന്തങ്ങളൊക്കവേ

വള്ളിക്കുടിലകം പുക്കു കിടക്കുന്ന
പുള്ളിമാൻ കൂട്ടത്തിലെത്തി ദാവാനലൻ
കൊള്ളികൊണ്ടംഗം ദഹിക്കും ദശാന്തരേ
തുള്ളിപ്പിടഞ്ഞു മരിച്ചു തുടങ്ങിനാർ.
പഞ്ചാനനങ്ങളും കാളുന്ന തിയ്യില-
ങ്ങഞ്ചാതെ ചാടിദ്ദഹിക്കുന്നു വിഗ്രഹം.

നളചരിതം കിളി. — കുഞ്ചൻനമ്പ്യാർ.

—:*:—

# 15. പനിനീർപ്പൂവ്.

നലമോട്ട വിരിഞ്ഞ നിർമ്മലേ, നിൻ-
നിലയും, നന്മണവും മനോജ്ഞമല്ലോ.
പുലർവേളയിൽ നിൻെറ കൊച്ചുജന്മം
മലരേ, മർത്ത്യർ കൊതിച്ചു പോയിരിക്കാം.

വരിവണ്ടുകളാർത്തുവന്നു മുള്ളിൽ-
ച്ചെറുനീലച്ചിറകല്പമായ് മുറിഞ്ഞാൽ,
മലരേ, മുറിയട്ടെ, മേന്മനേടാൻ
പലകഷ്ടങ്ങൾ സഹിക്കതന്നെവേണം.

കുളിർ പുഞ്ചിരിയും ചൊരിഞ്ഞു പൂവേ,
തളിരിൻ ലാളനമേററു നിൽക്കവേ, നീ,
അഴകോർത്തു പറിച്ചെടുക്കുവാൻ മേ
കഴിവില്ലാതെ കരം പതുങ്ങിടുന്നു.

(സു)

— :*: —

# 16. കവിവാക്യങ്ങൾ.

(ഉദ്ധരണം)

യത്നം.

തുടങ്ങീടും കാൎയ്യമതിങ്കലേതും
മുടങ്ങിടാതെ നിരൂപിച്ചപോലെ;
ദൃഢം മഹാനിഷ്ഠയൊടും നടപ്പോ-
ക്കുടൻ മഹാത്മൻ! പറകെന്തസാദ്ധ്യം?

മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻ

മാനം.

മാനുഷനുചിതമായ ഭൂഷണം
മാനമെന്നതിഹ സൎവ്വസമ്മതം;
മാനഹാനിയൊടു മേവിടുന്നവൻ
മാനുഷാധമരിലഗ്ര ഗണ്യനാം.

* * *

സുഖദുഃഖങ്ങൾ.

കുഴിയുണ്ടാകും കുന്നിനു,
നിഴലുണ്ടാകും വിളക്കിനവ്വണ്ണം;
മഴയുണ്ടാകും വെയിലി-
ന്നഴലുണ്ടാകും സുഖത്തിനും പിറകെ.

കെ. സി. കേശവപിള്ള.

ഏഷണി.

ഏഷണിക്കാരനാം പാമ്പിൻ
വിഷം വിഷമമെത്രയും.
കടിക്കുമൊരുവൻ കാതിൽ
മുടിയും മറെറാരാളുടൻ.

എം. ആർ. രാജരാജ വൎമ്മ കോയിത്തമ്പുരാൻ.

സ്നേഹം.

സ്നേഹത്തിൽനിന്നുദിക്കുന്നു – ലോകം
സ്നേഹത്താൽ വൃദ്ധി തേടുന്നു.
സ്നേഹംതാൻ ശക്തി ജഗത്തിൽ – സ്വയം
സ്നേഹം താനാനന്ദമാർക്കും.

ആശാൻ.

യാതൊന്നു ദൈവത്തിനു മൂർത്തിപോലും,
യാതൊന്നു വിശ്വത്തിനു തൂണുപോലും,
യാതൊന്നു മോക്ഷത്തിനു കോണിപോലും
ആ സ്നേഹ, മാസ്നേഹമഹോ ജയിപ്പൂ!

* * *

പൌരുഷം.

ചേണുററ പൌരുഷമീമലമേലൊരു
മാണിക്യമാളിക തീർത്തുവല്ലോ:
ഉൽഗ്ഗതിലാക്കാക്കിജ്ജന്മം നയിക്കുകിൽ
സ്വർഗ്ഗത്തിലെത്തും പിപീലികയും.

ഉള്ളൂർ.

ആപത്ത്.

ആപത്തു ഭാവിയിലിരിക്കുവതായ ഭാഗ്യ-
ദീപത്തിനുള്ള നിഴലാണുഴലായ്കതിങ്കൽ.

വള്ളത്തോൾ.

—*—

## 17. ഉപായവും അപായവും.

—:*:—

ഒരുവൻതരത്തിലൊരുപായമോർക്കവേ
നിരുപിക്കവേണമതിനുള്ളപായവും.
വരുമല്ലയെങ്കിലരിയോരനർത്ഥമി-
ന്നൊരുവാർത്ത ഞാനതിനുദാഹരിക്കുവൻ. 1

ഒരു മാമരമേറിവാണു പ-
ണ്ടൊരുകൊക്ക;ങ്ങവനുള്ള പത്നിയാൾ
പെറുമണ്ഡമശേഷമാശു വ-
ന്നൊരുസർപ്പം പതിവായ്‌വിഴങ്ങിനാൻ. 2

ഒരുനാളഴലാർന്നു കൊക്കു ചെ-
ന്നൊരുപൊയ്കയ്ക്കരികത്തിരിക്കവേ,
ഒരു ഞണ്ടവനുള്ള തോഴനെ-
'ന്തൊരുമാലങ്ങിനിയെന്നു' ചോദ്യമായ്. 3

ഉരഗം നിജമക്കളെച്ചിരാ-
ലിരയാക്കിക്കളയുന്ന ദുർവ്വിധം
കരൾ വെന്ത ബകം കഥിയ്ക്കെ ഞാ-
ണ്ടുരചെയ്താനൊരുപായ മിങ്ങനെ: — 4

വരകീരിയെഴുന്ന പൊത്തിൽ നി-
ന്നുരഗത്തിൻ മടയോളമൊക്കയും
പരൽമീൻ നിരചിന്നിയിട്ടുതൻ-
മരമേറിസ്സസുഖം വസിക്ക നീ. 5

അതുനേര മുരത്തകീരിയും
പുതുമത്സ്യാവലി തിന്നുതിന്നുടൻ
കുതുകാൽ മട പൂക്ക പാമ്പിനെ-
ച്ചതുരൻ കൂട്ടമൊടൊത്തൊടുക്കമെ. 6

അതുനാൾതവ പീഡ തീരുമെ-
ന്നതുകേട്ടപ്പടി കൊക്ക ചെയ്കയാൽ,
മുതുമുഷ്ക്കോടണഞ്ഞ കീരികൊ-
ന്നിതുകൂട്ടത്തൊടു മാപ്ഫണീന്ദ്രനെ. 7

എന്നിട്ടവൻ വിടപിമേലൊരു കൂടുകണ്ടു
ചെന്നിട്ടു കൊക്കുകളെയും കൊലചെയ്തൊടുക്കി. 8

.. ..................................

പ-ത-മണിപ്രവാളം. വള്ളത്തോൾ നാരായണമേനോൻ.

—*—

# 18. സീതാവിലാപം.

—:*:—

മായാമയേ, മാധവൻെറ ജായേ, ദേവി
തായേ, ധരിത്രി, കേൾക്കേണമെൻ വാചകം
നീയൊഴിഞ്ഞാരെനിക്കിന്നിമേലാശ്രയം?
ന്യായത്തിനൊത്തവണ്ണം തുണച്ചീടണം!
ബാല്യകാലത്തിങ്കലുണ്ടായൊരാപത്തു
മാലയിട്ടന്നു തീൎന്നെന്നു ചിന്തിച്ചുഞാൻ
മാലതുകൊണ്ടു മൊഴിഞ്ഞില്ല പിന്നെയും
കാലക്രമംകൊണ്ടു വൎദ്ധിച്ചതേയുള്ളു.
തീയിൽകുളിച്ചാറെ തീൎന്നെന്നിരുന്നു ഞാൻ
തീയതുപിന്നെയും തീൎന്നില്ല ദൈവമേ,

.........................................

കത്തുന്നതീക്കനൽക്കട്ടയിൽ ചുട്ടാറെ
പത്തുപത്തിൽ പത്തിരട്ടിച്ചു പിന്നെയും
ഭൎത്തൃശുശ്രൂഷയുംചെയ്തു നാനാസുഖം
പൃത്ഥ്വിയും രക്ഷിച്ചുകൊണ്ടിരുന്നീടുവാൻ
ദുൎഭഗയാംനമുക്കെത്തില്ലൊരിക്കലും
കല്പനക്കല്പവും നീക്കമുണ്ടാസ്വരാ.

.....................................

കള്ളക്കൊട്ടുങ്കാട്ടു തന്നിൽ കളഞ്ഞെന്നെ
വെള്ളവും കായും തളിരുകളും തിന്നു
മുള്ളിലും കല്ലിലും സഞ്ചരിച്ചിത്രനാ-
ളുള്ളനാളും സൈ്വരമെന്തെന്നറിഞ്ഞീല-

ശ്രീരാമചന്ദ്രനെയല്ലാതെ മറെറാരു
പൂരുഷന്മാരെയും ചിന്തിച്ചതില്ല തൽ-
പൂമൈവിലാസമല്ലാതെൻെറ ഹൃത്തിനു
കോമളമെന്നു തോന്നീലൊരുവിഗ്രഹം

.....................................

ഏവരും കണ്ടു നില്ക്കുന്ന നേരത്തന്നെ
നീവന്നു കൊണ്ടു പൊയ്ക്കൊൾക വിശ്വംഭരേ,
ജീവനാഥന്നു കാരുണ്യമില്ലായ്കയാൽ
ജീവിച്ചിരിക്കയിലാഗ്രഹമില്ലിനി.

രാമാശ്വമേധം. പ്രാചീനകൃതി.

# 19. മാതൃവാത്സല്യം.

(രാജദ്രോഹിയായ രാമനാമഠം പിള്ള തിരുവിതാംകൂർ രാജകുമാരന്മാരെ ഉപായത്തിൽ കൊണ്ടുപോയി കുളത്തിൽ മുക്കിക്കൊന്ന ഘട്ടത്തിൽ ഉമയമ്മറാണി വിലപിക്കുന്നതു്.)

"മണിയേഴു കഴിഞ്ഞു; മോശമി-
പ്പണി പാൽക്കഞ്ഞി തണുത്തു ചീത്തയായ്!!
മണിയുണ്ണികളെങ്ങു; നിങ്ങളെ-
ക്കണികാണാതെയിരിപ്പതെങ്ങനെ?

മതിയെന്തു കുറുമ്പു, തെങ്ങുവാൻ
ചതിയിൽപ്പോയ് മറയുന്നു മക്കളേ?
ഗതികെട്ടു തിരഞ്ഞു തള്ള; സ-
മ്പ്രതി വന്നമ്പൊടൊരുമ്മ നൾകുവിൻ

അരുതിങ്ങിനെ ജാലവിദ്യ, യെ-
ന്നരുമപ്പെട്ട കിടാങ്ങളല്ലയോ?
വരുവിൻ മടിവിട്ടടുക്കൽ; ഞാൻ
തരുവൻ വേണ്ടതു; തക്കമെന്തിതിൽ.

ഇതുനാൾ ബത! ശയ്യയിൽ കിട-
ന്നതുപോൽ തോന്നുവതില്ല കുട്ടികൾ
പുതുമെത്ത വിരിപ്പുലഞ്ഞു കാ-
ണ്മതുമില്ലീശ്വര! ചെയ്വതെന്തു ഞാൻ?

* * *

നലമേറീടു മിക്കിടാങ്ങളാൽ
വിലസും രാജ്യമിവണ്ണമോർത്ത ഞാൻ
ഇലവിൻ പഴമുണ്ണുവാൻ രസം
കലരും ശാരിക തന്റെ തോഴിയായ്.

ഇളയിൽസ്സുതനൊന്നു മച്ചികൾ-
ക്കളവാകാത്തതുകൊണ്ടു സങ്കടം;
മുളയിൽ ക്കരിയും നിലത്തിലും
വിളവില്ലാത്തതിലെത്ര മേത്തരം?

മമനേത്രരസായനങ്ങളേ,
മമതാലാസ്യമണീ ഗൃഹങ്ങളേ,
കമനീയ കലാങ്കുരങ്ങളേ,
യമലോകത്തിനു നിങ്ങൾ പോയിതോ?

സുതരേ! സുതരേ! സുധാരുചി-
സ്മിതരേ, മഞ്ജുള വാഗ്വിലാസരേ,
ഇതരേതരയിവൾക്ക സൽഗുണാ-
ന്വിതരേ നാസ്തി! വരുന്നു കൂടെ ഞാൻ"

ഉള്ളൂർ പരമേശ്വരയ്യർ.

—:*:—

## 20. ദൃഷ്ടാന്തമാല.

—:*:—

ധന്യൻ ധനഞ്ജയനപാരപരാക്രമൻ താൻ
മുന്നം വിരാടനഗരത്തിലിരുന്ന കാലം
തന്വംഗിമാരുടയ നർത്തകനായി; കാല-
ത്തിന്നൊത്തകോലമഖിലർക്കുമതീവയുക്തം.

ധന്യത്വമുള്ള മുകിൽവർണ്ണനെ യാഗമദ്ധ്യേ
നിന്ദിച്ചസഭ്യമുരചെയ്തൊരു ചേദിരാജൻ
ഛിന്നത്വമാർന്നവിടെ വെച്ചു നശിച്ചുപോയി-
യെന്നോർക്ക; നല്ലവരെ വല്ലതുമോതിടൊല്ലെ.

പാർത്തട്ടടക്കിയൊരു കൌരവരെ ജ്ജയിച്ചു
പാർത്തീടുവാൻ വിരുതരെങ്കിലു മന്നുകാട്ടിൽ
പാർത്താർ പൃഥാതനയർ; സത്തുകൾ കാലമേററ-
മോർത്താണു സർവ്വസമയത്തുമിരിപ്പതല്ലൊ.

സമ്പത്തിനാൽ മദമെഴും നഹുഷക്ഷിതീശൻ
കുംഭോൽഭവാവമതി ചെയ്തഥ ശാപമൂലം
പാമ്പായ്ഭവിച്ചു ബഹുകാലമധോവലഞ്ഞു:
സമ്പത്തുകൊണ്ടു മദമാർക്കുമുദിച്ചിടൊല്ലേ.

പാടേ കുചേലനു, ദരിദ്രതയായ ദുഃഖ-
ച്ചൂടോടെ ചെന്നു ഹരിയെബ്ബത കണ്ടമൂലം

ഈറ്റടാന്ന നിൽനത തീന്ദ്ര: നരക്ക് ദുഃഖി-
ച്ചീടുമ്പൊാൾ നല്ലൊരു സുഹൃത്തവലംബമല്ലൊ

മൂന്നം കചൻ വിനയപൂർവ്വമണഞ്ഞു, ശുക്രൻ
തന്നെ ബ്ഭജിച്ചു സുരകാര്യമതിന്നുവേണ്ടി
നന്നായ്ഗ്രഹിച്ചു 'മൃതജീവിനി വിദ്യ:' കാര്യം
വന്നീടുവാൻ വിനയമെത്ര വിശേഷമോർത്താൽ?

നടുവത്ത് നമ്പൂതിരി.

---

അദ്ധ്യാപകന്മാർ ഇതിലെ പുരാണകഥകൾ വിദ്യാർത്ഥികളെ ഗ്രഹിപ്പിക്കേണ്ടതാണ്.

# 21. ഒരു പ്രാൎത്ഥന.

—:*:—

('കനകകിങ്ങിണി' എന്ന മട്ട്.)

ഹൃദയപ്പാഴിരുളൊഴിവാൻ ധൎമ്മത്തി-
ന്നുദയരശ്മികളുതിരട്ടെ!
ചിര, മഹിംസതൻ ചിറകടികൊണ്ടു
ഭരത ഭൂ വാനിലൊലിപൊങ്ങി.

വിവിധദുർമ്മൂർത്തി; വിവിധാരാധനം
വിഷമിച്ചു—ജന്തുബലിയാലേ!
കഴുകനാക്കുന്ന കൊലനിലംപോലി-
പ്പൊഴുതെങ്ങും ചോരയൊഴുകുന്നു!

സമതാകാഹളവിളിയോടും ധൎമ്മ-
സമരം ചെയ്തോരു ജിനദേവ,
എരിപൊരിക്കൊള്ളു മെളിയോൎക്കുമാൎക്കും
ശരണം നീ ബുദ്ധ ഭഗവാനേ,

(സ.)

—:*:—